**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4651** | **10-08-2021 - ൽ മറുപടിയ്ക്ക്**

**വാളയാർ ചെക്ക് പോസ്റ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാളയാറിലെ മോട്ടോർ വാഹന ചെക്ക് പോസ്റ്റും ഓഫീസ് സമുച്ചയവും നവീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ? | (എ) | വാളയാർ ചെക്ക് പോസ്റ്റ് നവീകരണവുമായി ബന്ധപ്പെട്ട് വെയ് - ഇൻ - മോഷൻ വെയിങ്ങ് ബ്രിഡ്ജ്, ഓട്ടോമാറ്റിക് വെഹിക്കിൾ റെക്കഗ്നിഷൻ സിസ്റ്റം, സോഫ്റ്റ് വെയർ നിർമ്മാണം, ലെയ്ൻ വർക്ക്, ആർ എഫ് ഐ ഡി റെക്കഗ്നിഷൻ, ഓട്ടോമാറ്റിക് റൂം ബാരിയർ, വീഡിയോ നിരീക്ഷണം എന്നീ ജോലികൾക്ക് ടെണ്ടർ നടപടി സ്വീകരിച്ച് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ടി സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 9,40,80,514/- രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. ആയതിന്റെ ആദ്യഗഡുവായി കരാർ പ്രകാരം 1,63,42,341/- രൂപ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കെട്ടിടമുൾപ്പെടെയുള്ള സിവിൽ ജോലികൾ ടെണ്ടർ നടപടിക്രമം പാലിച്ച് കോസ്റ്റ് ഫോർഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1,96,00,000/- രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി അംഗീകരിച്ചിട്ടുള്ളത്. ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും കരാറിൽ ഏർപ്പെടുകയും ചെയ്തു. ആദ്യഗഡുവായി 39,20,000/- രൂപ കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിലെ കെട്ടിടം പൊളിക്കുകയും ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം താൽക്കാലികമായി കണ്ടെയ്നറിൽ സജ്ജീകരിക്കുകയും ചെയ്തു. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് വാളയാർ ചെക്ക് പോസ്റ്റ് സ്ഥിതിചെയ്യുന്ന സ്ഥലം ഏറ്റെടുപ്പ് നടത്തിയതിനാൽ ടി പദ്ധതിയുടെ പരിഷ്കരിച്ച രൂപരേഖ ഊരാലുങ്കൽ സൊസൈറ്റി സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നത് മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ